പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1994 14.07.2011- ലെ മറുപടി

## വൈപ്പിനിൽ നിന്നും പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. എസ്.ശർമ്മ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈപ്പിനിൽ നിന്നും ഗോശ്രീ - കണ്ടെയ്നർ റോഡ്-കളമശ്ശേരി വഴി തൃക്കാക്കരയ്ക്കും, ഞാറയ്ക്കൽ-വൈപ്പിൻ- ഗോശ്രീ - കണ്ടെയ്നർ റോഡ് വഴി തൃക്കാക്കരയ്ക്കും പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുവാൻ നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത റൂട്ടുകളിലൂടെ സർവ്വീസ് ആരംഭിക്കുന്നതിന് പുതിയ ബസ്സുകൾ അനുവദിക്കുവാൻ നിർദ്ദേശം നൽകുമോ; | (ബി) | പ്രസ്തുത റൂട്ടുകളിലൂടെ സർവ്വീസ് ആരംഭിക്കുന്നതിന് പുതിയ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | വൈപ്പിൻ-പറവൂർ-വരാപ്പുഴ-കണ്ടയ്നർ-കാക്കനാട്-കണ്ടെയ്നർ റോഡ് ഗോശ്രീ-വൈപ്പിൻ, സർക്കുലർ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബസ്സും ജീവനക്കാരും ലഭിക്കുന്ന മുറയ്ക്ക് പുതിയ ബസ് സർവ്വീസ് ആരംഭിക്കുന്നത് പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഞാറയ്ക്കൽ-പിഴല-മൂലമ്പിള്ളി-ചിറ്റൂർ ദ്വീപുകളെ ബന്ധപ്പെടുത്തി നിലവിൽ സ്വകാര്യമേഖലയിലുണ്ടായിരുന്ന ഫെറിസർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഞാറയ്ക്കൽ-പിഴല-മൂലമ്പിള്ളി-ചിറ്റൂർ ദ്വീപുകളെ ബന്ധപ്പെടുത്തി നിലവിൽ സ്വകാര്യ മേഖലയിൽ ഉണ്ടായിരുന്ന ഫെറി സർവ്വീസ് ലാഭകരമല്ലാത്തതിനാൽ നിർത്തിവച്ചിട്ടുള്ളതാണ്. മേൽ ഫെറി സൗകര്യം പ്രയോജനപ്പെടുന്ന കടമക്കുടി, ഞാറയ്ക്കൽ, ചേരാനെല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ഒന്നും ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ